**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1811** **09-12-2022 - ൽ മറുപടിയ്ക്ക്**

**ആറ്റിങ്ങൽ കരവാരം-പറക്കുളം പാടശേഖരത്തിലെ നെല്ലിന്റെ രോഗബാധ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കരവാരം-പറക്കുളം പാടശേഖരത്തിൽ നെല്ലിന് രോഗബാധയുണ്ടായ കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; രോഗബാധ പരിഹരിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ? | (എ) | കരവാരം - പറക്കുളം പാടശേഖരത്തിൽ ഒന്നാം വിള വിളവെട്ടുപ്പിന്റെ സമയത്ത് ബാക്ടീരിയൽ ഇലകരിച്ചിൽ രോഗബാധ (BLB) 4.5 ഹെക്ടർ സ്ഥലത്ത് ഉണ്ടായതായി ശ്രദ്ധയിൽപെടുകയും ഉടൻ തന്നെ രോഗബാധയേറ്റ പാടശേഖരങ്ങ ളിൽ കാർഷിക സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം ജില്ലയിലെ സാന്ത്വനം മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീം (MDDT) പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. വരുന്ന രണ്ടാം വിളക്കാലത്ത് ബാക്ടീരിയൽ ഇലകരിച്ചിൽ രോഗം തടയുന്നതിന് കർഷകർ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീം (MDDT) നിർദ്ദേശം നല്കിയതനുസരിച്ച് ആ വിവരം രേഖാമൂലം കരവാരം കൃഷി ഭവൻ ഉദ്യോഗസ്ഥരെ അറിയിക്കുകയും ഉദ്യോഗസ്ഥർ കർഷകർക്ക് ആവശ്യമായ ബോധവത്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. ടി പാടശേഖരത്തിലെ ഭൂരിഭാഗം കർഷകരും മൾടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീമിന്റെ നിർദ്ദേശങ്ങൾ അവലംബിച്ചിട്ടുള്ളതായി അതിനുശേഷം നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ടി പാടശേഖര ത്തിലെ സ്ഥിതി തുടർന്നും വിലയിരുത്തുന്നതിനും നിരീക്ഷിക്കുന്നതിനുമായി വിള ആരോഗ്യ പരിപാലന പദ്ധതിയിലെ ജീവനക്കാരായ പെസ്റ്റ് സ്കൗട്ടുമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ